## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

08-06-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1831

# വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വിൻസെന്റ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം 2019 ഡിസംബർ 19 ന് പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമാണത്തിന് വെള്ളം, വൈദ്യുതി, റെയിൽ തുടങ്ങിയ ബാഹ്യാടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടത് അതോറിറ്റി (സർക്കാർ) യുടെ ചുമതലയാണ്. ഇതിൽ തുറമുഖത്തിലേയ്ക്ക് വെള്ളം എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 220 KV വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. തുറമുഖത്തിലേയ്ക്കുള്ള റെയിൽ പാത നിർമ്മാണത്തിന് കൊങ്കൺ റെയിൽ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പദ്ധതിക്കുവേണ്ടി ഏറ്റെടുത്തു നൽകേണ്ട ഭൂമിയുടെ 92% കരാറുകാരന് കൈമാറിയിട്ടുണ്ട്. |
| (ബി) തുറമുഖത്തിനാവശ്യമായ പാറ നഗരൂർ പഞ്ചായത്തിലെ ആയിരവില്ലി കുന്നിൽ നിന്നും എടുക്കുന്നതിന് എൻ.ഒ.സി. നൽകിയിട്ടുണ്ടോ; പ്രസ്തുത സ്ഥലത്ത് നിന്നും പാറപ്പൊട്ടിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രതിബന്ധം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | ഉണ്ട്. ചില പ്രാദേശിക എതിർപ്പുകൾ ഉണ്ടെന്ന് അദാനി കമ്പനി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അനന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

(സി) പാറ ലഭിക്കാത്തത് മൂലം തുറമുഖ നിർമ്മാണം മന്ദഗതിയിൽ ആയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള പ്രതിസന്ധി നീക്കി പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) കരാർ അനുസരിച്ച് 2019 ഡിസംബറിലാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. ഇത് അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള സമയ പട്ടിക പ്രകാരം, 2018 ജൂൺ മാസത്തിൽ 1600 മീറ്റർ നീളം പുലിമുട്ട് പൂർത്തീകരിക്കേണ്ട സമയത്ത് 600 മീറ്റർ ആണ് ഇപ്പോൾ പൂർത്തിയായത്. പുലിമുട്ട് നിർമ്മാണത്തിന് പാറ ലഭിക്കുന്നില്ലെന്ന് അദാനി കമ്പനി പരാതിപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തി കരാർ പ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അദാനി കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**